# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.191/PR/PIC/PHQ/14 Date : 18.07.2014

---

**അമിത പലിശ: 38 റെയ്ഡ്; ഒരു കേസ്**

അമിത പലിശയ്ക്ക് നിയമവിരുദ്ധമായി പണം കൊടുത്തു നിയമലംഘനം നടത്തുന്നവർക്കെതിരെയുള്ള നടപടികളുടെ ഭാഗമായി സംസ്ഥാനത്ത് വെള്ളിയാഴ്ച (18-07-2014) 38 റെയ്ഡുകൾ നടത്തിയതായി സംസ്ഥാന പോലീസ് മേധാവി അറിയിച്ചു. ഒരു കേസ് രജിസ്റ്റർ ചെയ്തു. ഇതോടെ ഇതുവരെയായി അമിതപലിശക്കാർക്കെതിരെ നടന്ന 12607-ലേറെ റെയ്ഡുകളിലായി 961-പേർ പിടിയിലായി. 2073 കേസുകൾ ആകെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 466 കേസുകളിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

അമിത പലിശക്കാരെക്കുറിച്ചും അനധികൃത പണമിടപാടു സ്ഥാപനങ്ങളെക്കുറിച്ചും പോലീസ് നടത്തുന്ന അന്വേഷണത്തിന്റെയും പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന വിവരത്തിന്റെയും അടിസ്ഥാനത്തിലുള്ള കർശന പരിശോധന വരും ദിവസങ്ങളിലും തുടരുമെന്ന് സംസ്ഥാനപോലീസ് മേധാവി അറിയിച്ചു.

*************